## കേരള സർക്കാർ

## സംഗ്രഹം

ഉപഭോക്തൃകാര്യ വകുപ്പ് - ലീഗൽ മെട്രോളജി - ലൈസൻസുകൾ ഓൺലൈൻ മുഖേന പുതുക്കുന്നതിനായി രേഖകൾ ഹാജരാക്കുന്നതിന് സാവകാശം അനുവദിച്ചും പിഴയില്ലാതെ ഫീസടയ്ക്കാൻ സമയം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഉപഭോക്തൃകാര്യ വകുപ്പ്

സ.ഉ. (സാധാ) നം..654./2018/ഉ.കാ.വ　　　　തീയതി, തിരുവനന്തപുരം, 28-12-18

---

പരാമർശം :-
1. ലീഗൽ മെട്രോളജി കൺട്രോളറുടെ 18.12.2018 ലെ സി4-10107/18 നം. കത്ത്.
2. 19.12.2018-ൽ ആൾ കേരള ലീഗൽ മെട്രോളജി ലൈസൻസീസ് ആന്റ് എംപ്ലോയീസ് യൂണിയനുമായി നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്
3. ബഹു. കേരളാ ഹൈക്കോടതിയുടെ ഡബ്ല്യൂ.പി(സി) 35302/2014 കെ. നം. കേസിലെ 13.12.2018 ലെ ഇടക്കാല ഉത്തരവ്

## ഉത്തരവ്

ലീഗൽ മെട്രോളജി വകുപ്പിലെ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ലൈസൻസുകൾ ഓൺലൈൻ മുഖേന പുതുക്കുന്നതിന് വാടക കരാർ / കൈവശാവകാശ സർട്ടിഫിക്കറ്റ്, ബിൽഡിംഗ് ടാക്സ് റസീപ്റ്റ്, ട്രേഡ് ലൈസൻസ് എന്നീ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് നിഷ്കർഷിച്ചിരുന്നു. 2009 ലെ ലീഗൽ മെട്രോളജി നിയമം നിലവിൽ വന്നതിനെ തുടർന്ന് 2012-ൽ കേരള ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ്) ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ടി ചട്ടങ്ങളുടെ പട്ടിക IV അനുസരിച്ച് ലൈസൻസ് ഫീസ് 100 രൂപയിൽ നിന്ന് 5,000/- രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു.

2) എന്നാൽ ലൈസൻസികളിൽ 70 ശതമാനത്തോളം പേരും പഴയ കാല ലൈസൻസികൾ ആണെന്നും, ഭൂരിപക്ഷം പേരും വാടകയ്ക്ക് വീടോ, മുറികളോ എടുത്ത് പ്രവർത്തിക്കുന്നവരാണെന്നും പഴയ കാല വാടകചീട്ട് / ലീസ് എഗ്രിമെന്റ് എന്നിവ കൈമോശം സംഭവിച്ചിട്ടുള്ളതിനാൽ മേൽ രേഖകൾ ഹാജരാക്കുന്നതിന് ഒരു വർഷം വരെ സാവകാശം അനുവദിക്കുകയോ പഴയ ലൈസൻസികളെ മേൽ രേഖകൾ ഹാജരാക്കുന്നതിൽ നിന്ന് ഒഴിവാക്കുകയോ ചെയ്യണമെന്ന് ആൾ കേരള ലീഗൽ മെട്രോളജി ലൈസൻസീസ് ആന്റ് എംപ്ലോയീസ് യൂണിയൻ ആവശ്യപ്പെടുകയുണ്ടായി. കൂടാതെ, നേരത്തെ 100/- രൂപയായിരുന്ന ലൈസൻസ് ഫീ 5,000/- രൂപയാക്കിയത് ഭീമമായ വർദ്ധനവാണെന്നും അതിനെതിരെ തങ്ങളും മറ്റ് നാല് ലൈസൻസികളും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം.35302/14 നം. റിട്ട് ഹർജിയിൽ ,പരാതിക്കാർക്ക് 200/- രൂപ ഈടാക്കി ലൈസൻസ് പുതുക്കി നൽകേണ്ടതാണെന്ന് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആൾ കേരള ലീഗൽ മെട്രോളജി ലൈസൻസീസ് ആന്റ് എംപ്ലോയീസ് യൂണിയൻ ഭാരവാഹികൾ അറിയിക്കുകയുണ്ടായി.

3) 2012 ലെ കേരളാ ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ്) ചട്ടങ്ങളിലെ ചട്ടം 11(2) പ്രകാരമാണ് ലൈസൻസുകൾ പുതുക്കി നൽകുന്നതെന്നും, വകുപ്പ് ലൈസൻസ് നൽകുന്നതിന് വാടക കരാർ / കൈവശാവകാശ സർട്ടിഫിക്കറ്റ്, ബിൽഡിംഗ് ടാക്സ് റസീപ്റ്റ്, ട്രേഡ് ലൈസൻസ് എന്നിവ അത്യാവശ്യമാണെന്നും മേൽ രേഖകൾ ആവശ്യപ്പെടുന്നത് വകുപ്പിൽ നിന്നും അനുവദിക്കുന്ന ലൈസൻസുകൾ അനുവദിച്ച കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് വേണ്ടിയാണെന്നും ലീഗൽ മെട്രോളജി കൺട്രോളർ പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ചുവടെ ചേർക്കും പ്രകാരം ലൈസൻസുകൾ പുതുക്കി നൽകുന്നതിന് ലീഗൽ മെട്രോളജി കൺട്രോളർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) നിലവിലെ കേസിനു പോയവരിൽ നിന്നും കോടതി വിധിക്കു വിധേയമായി 200/- രൂപ ഈടാക്കിക്കൊണ്ട് ലൈസൻസുകൾ പുതുക്കി നൽകേണ്ടതാണ്.
2) വാടക കരാർ / കൈവശാവകാശ സർട്ടിഫിക്കറ്റ്, ബിൽഡിംഗ് ടാക്സ് റസീപ്റ്റ്, ട്രേഡ് ലൈസൻസ് എന്നിവ ഹാജരാക്കുന്നതിന് ആറുമാസം സാവകാശം നൽകേണ്ടതും പ്രസ്തുത രേഖകൾ ആറ് മാസത്തിനകം ഹാജരാക്കുമെന്ന് സത്യപ്രസ്താവന തയ്യാറാക്കി വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്ന മുറയ്ക്ക് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്.
3) ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് പുതുതായി മാറുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ചും പ്രളയത്തിന്റെ പശ്ചാത്തലത്തിലും പിഴയില്ലാതെ ഫീസടയ്ക്കാൻ 30 ദിവസം സമയം അനുവദിക്കേണ്ടതാണ്.
4) ആറുമാസത്തിനുള്ളിൽ നിർദിഷ്ട രേഖകൾ ഹാജരാക്കിയില്ലെങ്കിൽ ലൈസൻസുകൾ റദ്ദാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
സാജു.എസ്
ജോയിന്റ് സെക്രട്ടറി

കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്/ഇക്കോണമിക് & റവന്യൂ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ